**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനറായ ശ്രീ. റ്റി.എൻ. രാജേഷിനെ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് തരം താഴ്ത്തി തൃശൂർ നഗരാസൂത്രണ കാര്യാലയത്തിലും ടൗൺ പ്ലാനർ ശ്രീ.സി.ജെ. പൗലോസിനെ വയനാട് നഗരാസൂത്രണ കാര്യാലയത്തിലെ ടൗൺ പ്ലാനറായും നിയമിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം.1242/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 9.5.2013

പരാമർശം:- 1) മുഖ്യനഗരാസൂത്രകന്റെ 15.3.2013-ലെ എ3/9465/12 നമ്പർ കത്ത്.
2) 17.1.2013-ലെ സ.ഉ.(സാധാ) നം. 114/13/തസ്വഭവ.

**<u>ഉത്തരവ്</u>**

ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റിയിൽ അന്യത്ര സേവനം നടത്തിയിരുന്ന നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനറായ ശ്രീ.സി. ജെ. പൗലോസിന്റെ അന്യത്ര സേവനം 31.3.213 വച്ച് അവസാനിപ്പിച്ച സാഹചര്യത്തിൽ ടിയാനെ വകുപ്പിൽ തിരികെ നിയമിക്കുന്നതിന് ഒഴിവില്ലാത്ത സാഹചര്യമുണ്ടെന്ന് പരാമർശം ഒന്നാമതായി വായിച്ച കത്ത് പ്രകാരം മുഖ്യ നഗരാസുത്രകൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

a) നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ തസ്തികയിൽ ഏറ്റവും ജൂനിയറായ ശ്രീ. റ്റി.എൻ. രാജേഷിനെ ഡെപ്യൂട്ടി. ടൗൺ പ്ലാനർ തസ്തികയിലേക്ക് തരംതാഴ്ത്തി തൃശൂർ നഗരാസുത്രണ കാര്യാലയത്തിൽ നിലവിൽ ഒഴിവുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

b) അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃ വകുപ്പിലേക്ക് തിരികെ വരുന്ന ടൗൺ പ്ലാനർ ശ്രീ. ജെ. പൗലോസിനെ വയനാട് നഗരാസൂത്രണ കാര്യാലയത്തിൽ ടൗൺ പ്ലാനറായി നിയമിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**ജെ. സ്റ്റാൻലി,**
**ഡെപ്യൂട്ടി സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ.സി.ജെ.പൗലോസ് ടൗൺ പ്ലാനർ (മുഖ്യനഗരാസുത്രകൻ വഴി)
ശ്രീ.റ്റി.എൻ. രാജേഷ്, ഡെപ്യൂട്ടി ടൗൺ പ്ലാനർ
(മുഖ്യനഗരാസുത്രകൻ വഴി)
അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**